(ബി) പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് വിപണന സൗകര്യം ലഭ്യമാക്കുന്നതിനും വിപണനത്തിന് സഹായിക്കുന്നതിനും ഏതെല്ലാം ഏജൻസികളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പുതിയതായി ഈ രംഗത്തേക്ക് സ്വയംതൊഴിൽ കണ്ടെത്തി വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അലങ്കാര മത്സ്യകൃഷിയിലേർപ്പെട്ടിരിക്കുന്നവർക്ക് ഹാച്ചറി ഉൾപ്പെടെ സംയോജിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പരമാവധി 1,50,000 രൂപ വരെ നൽകുന്നതിനുള്ള പദ്ധതി മത്സ്യ കർഷകവികസന ഏജൻസി വിഭാവനം ചെയ്യുന്നുണ്ട്. പരിശീലനപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് പുറമേ അലങ്കാര മത്സ്യവിത്ത് ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നവർക്ക് ആവശ്യമായ എല്ലാ സാങ്കേതിക സഹായവും ഏജൻസി മുഖാന്തിരം നൽകുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക വനിതാ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ അംഗങ്ങളായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര മാനവവികസന വകുപ്പിന്റെ പൂർണ്ണ ധനസഹായത്തോടെ വനിതകൾക്ക് തൊഴിൽ നൽകുന്ന 48 ലക്ഷം രൂപയുടെ അലങ്കാര മത്സ്യക്കൃഷി പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യഫെഡിന്റെ കോട്ടയം ജില്ലാ ഓഫീസിൽ അലങ്കാര മത്സ്യ വിപണനത്തിനുള്ള സൗകര്യമുണ്ട്. ഇതുകൂടാതെ 49.32 ലക്ഷം രൂപ ചെലവിൽ ഒരു പൊതു അക്വാറിയം കണ്ണൂരിൽ സ്ഥാപിക്കുവാനുള്ള പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്.

(സി) മേൽ വിവരിച്ച പദ്ധതികളുടെ വിജയത്തിനെ ആസ്പദമാക്കി കൂടുതൽ ധനസഹായം നേടി കൂടുതൽ പേർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ ഒരു പുതിയ പദ്ധതി മത്സ്യഫെഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രതിവർഷം 50,000 മത്സ്യക്കുഞ്ഞുങ്ങളെയെങ്കിലും ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള അലങ്കാര മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾക്ക് നിർമ്മാണ ചെലവിന്റെ പകുതിയോ 40,000 രൂപയോ ഏതാണ് കുറവെങ്കിൽ അത്രയും തുക സബ്സിഡിയായി നൽകുന്നതിനുള്ള പദ്ധതി കണ്ണൂർ ശുദ്ധജല മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പിലാക്കിവരുന്നു.

മത്സ്യ ബന്ധനത്തിനുപോയി മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾ

49 (3990) ശ്രീ. വി. ചെന്താമാരക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ജൂൺ 30 വരെ മത്സ്യബന്ധനത്തിനുപോയ എത്ര മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന ഒരു ലക്ഷം രൂപ വീതമുള്ള സാമ്പത്തിക സഹായം എത്ര കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട് ; ഇനിയും എത്ര കുടുംബങ്ങൾക്ക് നൽകേണ്ടതുണ്ട് ; വിശദാംശം നൽകുമോ ;

(സി) മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ പരിക്കുപറ്റുന്നവർക്ക് എന്തെങ്കിലും ധനസഹായം ഇപ്പോൾ നൽകുന്നുണ്ടോ ; എത്രയാണെന്നതിന്റെ വിശദാംശം നൽകുമോ ;

(ഡി) ഇതേ കാലയളവിൽ എത്ര മത്സ്യത്തൊഴിലാളികളെ കടലിൽ കാണാതായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ; ഇതിൽ എത്ര പേർ പിന്നീട് മരണപ്പെട്ടതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) 326 മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു.

(ബി) 16-5-2001 മുതൽ 30-6-2003 വരെയുള്ള കാലയളവിൽ 112 പേർക്ക് 106.5 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ 112 പേരും 16-5-2001-ന് മുൻപ് മരണമടഞ്ഞവരാണ്. 16-5-2001 മുതൽ 30-6-2003 വരെയുള്ള കാലയളവിൽ മരണമടഞ്ഞ 224 തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാനുണ്ട്.

(സി) ഉണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ അപകടംമൂലം പരുക്കും അവശതയും സംഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും ഭാഗികമായ അവശത സംഭവിക്കുന്നവർക്ക് 50000 രൂപയും അപകടംമൂലം 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടന്ന് ചികിത്സവേണ്ടിവരുന്നവർക്ക് പരമാവധി 2000 രൂപയും ഇൻഷ്വറൻസ് പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ താൽക്കാലിക അവശതയ്ക്ക് പരമാവധി 500 രൂപയും നൽകുന്നു.

(ഡി) എട്ടുപേരെ കടലിൽ കാണാതായിട്ടുണ്ട്.

	ജില്ല	എണ്ണം
1.	തിരുവനന്തപുരം	2
2.	കൊല്ലം	2
3.	എറണാകുളം	1
4.	കണ്ണൂർ	3

മുകളിൽ റിപ്പോർട്ട് ചെയ്ത എട്ടുപേരിൽ ആരുടേയും മരണം സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly